C+1 01/22

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.1091(6)/2021/*എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.*6440/എസ്.ഐ.സി-ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി: 29.12.2021**

ശ്രീ. രമേഷ് കുമാർ കെ.ആർ.,
കുഴിവേലിൽ വീട്,
മുനിയറ പി.ഒ., തിങ്കൾക്കാട്-685571 } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി തഹസിൽദാർ,
ഭൂമിപതിവ് സ്പെഷ്യൽ തഹസിൽദാരുടെ
കാര്യാലയം, മുരിയ്ക്കാശ്ശേരി-685 604

2. അപ്പീൽ അധികാരി,
സ്പെഷ്യൽ തഹസിൽദാർ (എൽ.എ),
ഭൂമിപതിവ് സ്പെഷ്യൽ തഹസിൽദാരുടെ
കാര്യാലയം, മുരിയ്ക്കാശ്ശേരി-685 604

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 10.11.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 04.01.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 02.02.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 25.02.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 24.05.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23.06.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13.09.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 05.10.2021 |
| ഹിയറിംഗ് തീയതി | 24.12.2021 |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
|---|---|
| ഹർജിക്കാരൻ | ഹാജരായില്ല |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. രമേഷ് കുമാർ കെ.ആർ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി വളരെ ഉദാസീനവും തെറ്റിദ്ധരിപ്പിക്കുന്നതുമായ മറുപടിയാണ് നൽകിയതെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും അപ്പീൽ അധികാരിയും വസ്തുതാ വിരുദ്ധമായതും വിവരാവകാശ നിയമത്തിന്റെ പ്രസക്തിയെ ചോദ്യം ചെയ്യുന്ന തരത്തിലുള്ളതുമായ വിചിത്രമായ മറുപടിയാണ് ലഭ്യമാക്കിയതെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാനും എതിർകക്ഷികൾക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുവാനും കമ്മീഷൻ നടപടി കൈക്കൊള്ളണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 10.11.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, കൊന്നത്തടി വില്ലേജിൽ നാളിതുവരെ എത്ര ഹെക്ടർ ഭൂമിക്ക് 01.01.1977 ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരണം പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം പട്ടയം പതിവനുവദിച്ചിട്ടുണ്ട് എന്നുള്ളതിന്റെ രേഖാമൂലം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കണമെന്നും കൊന്നത്തടി വില്ലേജിൽ ഏത് റീസർവ് വനത്തിന്റെ ഭാഗമായ പ്രദേശങ്ങൾക്കാണ് 01.01.1997 ന് മുമ്പുള്ള വനഭൂമി കുടിയേറ്റ ക്രമീകരണം പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം (പട്ടയം) പതിവ് അനുവദിച്ചിട്ടുള്ളത് എന്നുള്ളതിന്റെ രേഖാമൂലമുള്ള

സാക്ഷ്യപ്പെടുത്തിയ മറുപടി/പകർപ്പ് ലഭ്യമാക്കണമെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 11.02.2020 ൽ നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജികക്ഷിയുടെ 1,3,4 എന്നീ ചോദ്യങ്ങൾക്ക് പകർപ്പ് ലഭ്യമാക്കാൻ പകർപ്പ് ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതാണെന്നാണ്. ക്രമനമ്പർ 2 ന് മറുപടി നൽകിയതായും കാണുന്നു. ആയതിനെ തുടർന്ന് ടിയാൻ ഫീസ് അടക്കുകയും ചെലാൻ ഹാജരാക്കിയതനുസരിച്ച് ഒന്നാം എതിർകക്ഷി 04.01.2021 ൽ പകർപ്പുകൾ അയച്ചു നൽകിയതായും കാണുന്നു. കൃത്യമായ വിവരങ്ങളല്ല ഒന്നാം എതിർകക്ഷി ലഭ്യമാക്കിയതെന്നും 1993 പ്രത്യേക ചട്ടങ്ങളിൽ എവിടേയും കൊന്നത്തടി വില്ലേജിൽ പട്ടയം നൽകുന്നത് സംബന്ധിച്ച് ഒരു രേഖപ്പെടുത്തലും കാണാൻ സാധിച്ചില്ലെന്നും കാണിച്ച് ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ 02.02.2021 ൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി ഹർജികക്ഷിയെ അറിയിച്ചത് കൊന്നത്തടി വില്ലേജിൽ ഉൾപ്പെട്ട 1993 ലെ സ്പെഷ്യൽ റൂൾസ് പ്രകാരം പതിച്ചു നൽകുന്ന ഭൂമി ഏത് റിസർവ്വ് വനത്തിന്റെ ഭാഗമാണെന്നുള്ളത് സംബന്ധിച്ച് രേഖകൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും 1993 ലെ സ്പെഷ്യൽ റൂൾസ് ചട്ടം 2 ഉപചട്ടം ''എഫ്'' ''ജി'' എന്നിവയിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഉൾപ്പെട്ടുവരുന്ന ഇടുക്കി ജില്ലയിലെ വാത്തിക്കുടി, ഉപ്പുതോട്, കൊന്നത്തടി വില്ലേജുകളിൽ ഉൾപ്പെട്ടു വരുന്ന ഭൂമികൾക്കാണ് ടി ആഫീസിൽ നിന്നും പട്ടയം നൽകി വരുന്നതെന്നും 1993 ലെ സ്പെഷ്യൽ റൂൾസ് ചട്ടം 2 ഉപചട്ടം

'ജി' യിൽ വിവരിച്ചിരിക്കുന്ന ഇടുക്കി ജില്ലയിലെ ഭൂമിയിൽ ഉൾപ്പെട്ടു വരുന്നതാണ് കൊന്നത്തടി വില്ലേജ് എന്നും മറ്റുമാണ്.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 05.10.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകളിൽ എതിർകക്ഷി കാര്യാലയത്തിൽ ലഭ്യമായിട്ടുളള രേഖകളുടെ പകർപ്പുകൾ സാക്ഷ്യപ്പെടുത്തി നൽകിയിരുന്നുവെന്നും ആഫീസ് രേഖകൾ പരിശോധിച്ച് ചട്ടങ്ങളിലെ വ്യവസ്ഥകൾ രേഖപ്പെടുത്തി ടിയാന് മറുപടി നൽകിയിരുന്നുവെന്നും കൂടുതൽ പരിശോധനക്കായി ആയതിന്റെ പകർപ്പുകൾ അനുവദിച്ചിരുന്നുവെന്നും നേരിൽ ഹാജരായി വാദങ്ങൾ ബോധിപ്പിക്കുന്നതിനുളള ന്യായമായ അവസരം ഹർജികക്ഷിക്കു നൽകിയിരുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 10.11.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 25.11.2020 ലും 04.01.2021 ലും മറുപടി/പകർപ്പ് നൽകിയതായി കാണുന്നു. ടിയാന്റെ ഒന്നാം അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷിയും മറുപടി നൽകിയതായി കാണുന്നു. ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഹർജിക്കാരന്റെ അപേക്ഷയിലെ ചോദ്യം 1 ന് അപ്പീൽ അധികാരി മറുപടി നൽകിയെന്നും ചോദ്യം 2 ന്റെ മറുപടി എസ്.പി.ഐ.ഒ നൽകിയിരുന്നുവെന്നും ചോദ്യം 3 ഭാഗികമായി മറുപടി നൽകിയെന്നും 2005 മുതലാണ് ആഫീസ് നിലവിൽ വന്നതെന്നും മുൻപുളള വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും ചോദ്യം 4 ന്

പകർപ്പുകൾ ടിയാന് നൽകിയിരുന്നുവെന്നുമാണ് ഒന്നാം എതിർകക്ഷി ഹിയറിംഗിൽ മൊഴി നൽകിയത്. അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം 10.11.2020 ൽ ഉന്നയിച്ച വിവരങ്ങൾക്കെല്ലാം തന്നെ ടി കാര്യാലയത്തിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ എല്ലാം ടിയാന് ലഭ്യമാക്കിയിട്ടുണ്ട് എന്നാണ് ഹിയറിംഗിൽ ഹാജരായിട്ടുണ്ടായിരുന്ന എതിർകക്ഷി ഡെപ്യൂട്ടി തഹസിൽദാർ (മുരിക്കാശ്ശേരി) മൊഴിയിൽ പറഞ്ഞിട്ടുള്ളത്. മൂന്നാമത്തെ ആവശ്യമായി ഉന്നയിച്ചിരുന്നതിൽ വിവരങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല എന്നു കാണുന്നു. ആഫീസ് മാറി സ്ഥാപിച്ച് 2005 മുതൽ നാളിതുവരെയുള്ള വിവരമാണ് നൽകിയിട്ടുള്ളത് എന്ന് മൊഴിയിലും റിപ്പോർട്ടിലും ടിയാൻ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഹർജികക്ഷി ആവശ്യപ്പെട്ട പ്രകാരം പൂർണ്ണമായും നൽകാൻ വേണ്ടി ഒരു ശ്രമം കൂടി എതിർകക്ഷികൾ നടത്തി ആയത് കൂടി ഈ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം ലഭ്യമാക്കാൻ കമ്മീഷൻ എതിർകക്ഷികളോട് നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, ഡിസംബർ 29-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM